**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 952** **06-02-2023 - ൽ മറുപടിയ്ക്ക്**

**ബഫർ സോൺ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.സിദ്ദിഖ്** | | **ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | ഉപഗ്രഹ സർവ്വെയുടെ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ച ഭൂപടമനുസരിച്ച് എത്ര ഹെക്ടർ ഭൂമിയാണ് ബഫർ സോണിൽ ഉൾപ്പെട്ടിരുന്നത്; വ്യക്തമാക്കുമോ; ഇതിൽ എത്ര ഹെക്ടർ ഭൂമി ജനവാസ മേഖലയിലും എത്ര ഹെക്ടർ ഭൂമി കാർഷിക മേഖലയിലും ഉൾപ്പെട്ടിരുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ബഹു. സുപ്രീം. കോടതിയുടെ 03-06-2022-ലെ ഉത്തരവ് പ്രകാരം പരിസ്ഥിതി സംവേദക മേഖല നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട ഉപഗ്രഹ സർവ്വേ നടത്തുന്നതിന് ചുമതലപ്പെടുത്തിയ കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻറ് എൻവയോൺമെൻറ് സെൻറർ ലഭ്യമാക്കിയ വിവരങ്ങളെ അടിസ്ഥാനമാക്കിയുള്ള മറുപടി ചുവടെ ചേർക്കുന്നു. കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻറ് എൻവയോൺമെൻറ് സെൻറർ നടത്തിയ ഉപഗ്രഹസർവ്വേ പ്രകാരം, ബഹു. സുപ്രീം കോടതിയുടെ 03-06-2022-ലെ ഉത്തരവിൽ നിർദ്ദേശിക്കുന്ന തരത്തിൽ സംസ്ഥാനത്തെ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും ഇക്കോ സെൻസിറ്റീവ് നിശ്ചയിച്ചാൽ ആയതിൽ 161731.9 ഹെക്ടർ പ്രദേശം ഉൾപ്പെടുന്നുണ്ട്. ആയതിൽ 101957 ഹെക്ടർ വനപ്രദേശവും കാർഷിക മേഖലയിലും ജനവാസമേഖലയിലുമായി 59780 ഹെക്ടർ ഭൂമിയുമാണുള്ളത്. |
| (ബി) | മേൽപ്പറഞ്ഞ ഭൂപടത്തിൽ എത്ര ഹെക്ടർ റവന്യൂ ഭൂമി വനഭൂമിയായി രേഖപ്പെടുത്തിയിരുന്നുവെന്ന് വ്യക്തമാക്കുമോ; നഗരപ്രദേശങ്ങളിലും ജനവാസ മേഖലകളിലും കാർഷിക മേഖലകളിലും എത്ര ഹെക്ടർ ഭൂമി വനഭൂമിയായോ ബഫർ സോണായോ ഉൾപ്പെടുത്തിയിരുന്നു എന്ന വിശദാംശം ജില്ലതിരിച്ച് സ്ഥലപ്പേരും വിസ്തീർണ്ണവും സഹിതം ലഭ്യമാക്കുമോ? | (ബി) | ഇക്കോ സെൻസിറ്റീവ് സോൺ സംബന്ധിച്ച് സംസ്ഥാന സർക്കാർ പ്രസിദ്ധീകരിച്ച ഭൂപടങ്ങളിൽ റവന്യൂ ഭൂമി വനഭൂമിയായി രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ അപ്രകാരം സംഭവിച്ചു എന്ന രീതിയിൽ മൂന്നു പരാതികൾ ലഭിച്ചിരുന്നു. സംരക്ഷിത മേഖലയെ അടിസ്ഥാനപ്പെടുത്തിയാണ് കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻറ് എൻവയോൺമെൻറ് സെൻറർ വിവരശേഖരണം നടത്തിയിട്ടുള്ളത്. ചില സംരക്ഷിത മേഖല ഒന്നിലധികം ജില്ലകളിൽ വ്യാപിച്ചിട്ടുണ്ട്. ഭൂവിനിയോഗത്തിന്റെ സംരക്ഷിതമേഖല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## The land use /land cover pattern observed in the buffer zone of 22 Protected Area

| Sl No | National Parks / Wildlife Sanctuary | ESZ Area (Sq. km) | Forest Area | Outside forest area(Sq. km) | District |
|---|---|---|---|---|---|
| 1 | Mangalavanam Bird Sanctuary | 3.826 | 0 | 3.826 | Ernakulam |
| 2 | Eravikulam National Park | 68.08 | 40.79 | 27.29 | Idukki |
| 3 | Chinnar Wildlife Sanctuary | 21.04 | 18.48 | 2.56 | Idukki |
| 4 | Anamudi Shola National park | 33.67 | 18.22 | 15.45 | Idukki |
| 5 | Kurinjimala Wildlife Sanctuary | 9.04 | 0.19 | 8.85 | Idukki |
| 6 | Pambadam Shola National Park | 5 | 2.7 | 2.3 | Idukki |
| 7 | Neyyar&Peppara Wildlife Sanctuary | 67.89 | 44.15 | 23.74 | Thiruvananthapuram |
| 8 | Idukki Wildlife Sanctuary | 93.83 | 27.54 | 66.29 | Idukki |
| 9 | Periyar Tiger Reserve | 126.7 | 87.83 | 38.87 | Kottayam, Pathanamthitta |
| 10 | Malabar Wildlife Sanctuary | 75.81 | 39.28 | 36.53 | Kozhikode |
| 11 | Silentvalley National Park | 175.25 | 130.28 | 44.97 | Palakkad |
| 12 | Kottiyur Wildlife Sanctuary | 24 | 15.63 | 8.37 | Kannur |
| 13 | Chimmony Wildlife Sanctuary | 126.3 | 79.89 | 46.41 | Thrissur |
| 14 | Thattekkad Bird Sanctuary | 57.35 | 11.82 | 45.53 | Eranakulam |
| 15 | Shenduruney Wildlife Sanctuary | 114.45 | 86.46 | 27.99 | Kollam |
| 16 | Wayanad Wildlife Sanctuary | 92.88 | 7.68 | 85.2 | Wayanad |
| 17 | Parambikulam Wildlife Sanctuary | 175.776 | 164.403 | 11.373 | Palakkad |
| 18 | Choolannur Peafowl Bird Sanctuary | 17.02 | 3.47 | 13.55 | Thrissur, Palakkad |
| 19 | Aralam Wildlife Sanctuary | 31.4 | 13.9 | 17.5 | kannur |
| 20 | Peechi - Vazhani Wildlife Sanctuary | 121.407 | 82.965 | 38.442 | Thrissur |
| 21 | Mathikettan Shola National Park | 16.24 | 0 | 16.24 | Idukki |
| 22 | KarimpuzhaWildlife Sanctuary | 160.42 | 143.9 | 16.52 | Malappuram |
| | TOTAL | **1617.379** | 1019.578 | 597.801 | |